ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച ചെലവ്

68 (73) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനും പെൻഷൻ പരിഷ്കരണത്തിനും കൂടി തന്നാണ്ടിൽ വരുന്ന അധികചെലവ് എത്രയായിരിക്കുമെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് അദ്ധ്യാപകർ, ഡോക്ടർമാർ എഞ്ചിനീയർമാർ ഉൾപ്പെടെ മൊത്തം സർക്കാർ ജീവനക്കാർ എത്ര; പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർ മൊത്തം എത്ര ;

(സി) ശമ്പളവും പെൻഷനും പരിഷ്കരിച്ചതനുസരിച്ച് നൽകുന്നതിന് അധികമായി വേണ്ടിവരുന്ന തുകയുടെ എത്ര ശതമാനം തുക ബഡ്ജറ്റിൽ അധികമായി വകയിരുത്തിയിട്ടുണ്ട് ;

(ഡി) 2014-15 2015-16 എന്നീ വർഷത്തിൽ ശമ്പളം, പെൻഷൻ പരിഷ്കരണത്തിനുവേണ്ടി ബഡ്ജറ്റിൽ അധികമായി വകയിരുത്തപ്പെട്ടിരുന്ന തുക എത്ര കോടി വീതമായിരുന്നു; അതിപ്പോൾ ഏത് അക്കൗണ്ടിൽ കിടപ്പുണ്ട്, എത്ര തുകയുണ്ട് ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനും പെൻഷൻ പരിഷ്കരണത്തിനുംകൂടിയുള്ള പ്രതിവർഷ അധിക ബാധ്യത 5277 കോടി രൂപയായി പത്താം ശമ്പള കമ്മീഷൻ കണക്കാക്കിയിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളിലെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന സർക്കാർ ജീവനക്കാരുടെ മൊത്തം എണ്ണം 5,11,487 ആണ്. പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരുടെ മൊത്തം എണ്ണം 4,11,846 ആണ്.

(സി) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ശമ്പളവും പെൻഷനും പരിഷ്കരിച്ച് ഉത്തരവായിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തിൽ ശമ്പള, പെൻഷൻ പരിഷ്കരണവുമായിബന്ധപ്പെട്ട അധിക ചെലവുകൾ നേരിടുന്നതിനായി യഥാക്രമം 1750 കോടി രൂപയും 300 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ശമ്പള, പെൻഷൻ പരിഷ്കരണത്തിനായി ബഡ്ജറ്റിൽ അധിക തുക വകയിരുത്തിയിരുന്നില്ല. 2015-16 സാമ്പത്തിക വർഷത്തിൽ ശമ്പള പരിഷ്കരണവുമായിബന്ധപ്പെട്ട അധിക ചെലവുകൾ നേരിടുന്നതിനായി 1750 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക എല്ലാ വകുപ്പുകളുടെയും ശമ്പള ഇനത്തിലെ ചെലവ് ശീർഷകത്തിൽ ആനുപാതികമായി വിന്യസിച്ചിട്ടുണ്ട്. പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട അധിക ചെലവുകൾ നേരിടുന്നതിനായി 2015-16 ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് പെൻഷനുമായി ബന്ധപ്പെട്ട ചെലവ് ശീർഷകങ്ങളുമായി വിന്യസിച്ചിട്ടുണ്ട്.

ഫയർസ്റ്റേഷന് ആസ്തിവികസന ഫണ്ടിൽനിന്ന് തുക

69 (74) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന ഫണ്ടിൽനിന്നും ഫയർ സ്റ്റേഷനുകൾക്ക് ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനായി എം.എൽ.എ മാർ സമർപ്പിച്ച അപേക്ഷകൾക്ക് അനുമതി നൽകാതെ ധനകാര്യ വകുപ്പ് തിരിച്ചയക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തടസ്സങ്ങൾ നീക്കി, ഫയർസ്റ്റേഷനുകൾക്ക് ആസ്തിവികസന ഫണ്ടിൽ നിന്നും ഉപകരണ സൗകര്യങ്ങളടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ചാലക്കുടി ഫയർസ്റ്റേഷന് ഉപകരണങ്ങൾ വാങ്ങുന്നതടക്കമുള്ള വികസന പ്രവർത്തനങ്ങൾക്ക് ആസ്തിവികസന ഫണ്ടിൽനിന്ന് തുക അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ അടിയന്തിര അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പൊതുജനോപകാരപ്രദവും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്രകാരമുള്ള നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡമനുസരിച്ച് ഫയർ സ്റ്റേഷനുകൾക്ക് ഉപകരണങ്ങളും മറ്റും വാങ്ങുന്നത് അനുവദനീയമല്ലാത്ത സാഹചര്യത്തിൽ ചാലക്കുടി ഫയർസ്റ്റേഷന് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അപേക്ഷ അടക്കമുള്ള വിവിധ ശുപാർശകൾക്ക് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly